പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1984 **26-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ ആശുപത്രികളിൽ ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ നിലനിർത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥിരമായും സൗജന്യമായും നൽകിവന്നിരുന്ന വിലകൂടിയ വാക്സിനുകൾ, മരുന്നുകൾ എന്നിവയുടെ ലഭ്യതയിൽ നിലവിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ മരുന്നുകളുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയത് ആശുപത്രികൾ തമ്മിലുള്ള മരുന്ന് കൈമാറ്റം, ജില്ലകളിലെ മരുന്ന് സംഭരണശാലകൾ തമ്മിലുള്ള മരുന്ന് കൈമാറ്റം ഇവ ചെയ്ത് പരിഹരിക്കുന്നു. സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെയും മറ്റ് ജീവൻ രക്ഷാ ഔഷധങ്ങളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതി പ്രകാരം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയമാണ് ദേശീയ വാക്സിനേഷൻ ഷെഡ്യൂളിൽ ഉൾപ്പെട്ട വാക്സിനുകൾ സൗജന്യമായി നൽകുന്നത്. ടി വാക്സിനുകൾ സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, മറ്റ് സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട മരുന്ന് ലഭ്യമായ മെഡിക്കൽ കോളേജുകളിൽ അതാത് ജില്ലയിലുള്ള രോഗികൾക്ക് മാത്രമേ ഈ മരുന്ന് നൽകാവൂ എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത മരുന്നുകൾ രോഗികൾക്ക് നൽകുന്നത് നിലവിലുള്ള സർക്കാർ മാർഗനിർദ്ദേശങ്ങളും ചികിത്സ ആവശ്യകതകളും അനുസരിച്ചായിരിക്കും. പേവിഷബാധക്കെതിരെയുള്ള വാക്സിനുകളും ഇമ്മ്യൂണോഗ്ലോബിനുകളും ആവശ്യമായ രോഗികൾക്ക് പ്രിവന്റീവ് ക്ലിനിക്കിൽ നിന്ന് രോഗികൾക്ക് നൽകിവരുന്നു. ഇത് ജില്ലാ അടിസ്ഥാനത്തിലല്ല മറിച്ച് വരുന്ന രോഗികളുടെ ആവശ്യമനുസരിച്ചാണ് നൽകിവരുന്നത്

(സി) പത്ത് വയസ്സ് മുതൽ ക്രോൺസ് ഡീസീസ് ബാധിതയായ ആലപ്പുഴ ജില്ലയിൽ മാന്നാർ പഞ്ചായത്തിൽ ചെമ്പകമഠത്തിൽ വീട്ടിലെ സുമിമോൾക്ക് ഇൻഫ്ലിക്സിമാബ് 200 മില്ലിഗ്രാം എന്ന ഇഞ്ചക്ഷൻ കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും നാളിതുവരെ സൗജന്യമായി നൽകി വന്നിരുന്നത് നിലവിൽ നിഷേധിക്കപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത വാക്സിൻ നൽകുമ്പോൾ ഗ്യാസ്ട്രോ എൻട്രോളജി സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സ്ഥിരം സേവനവും സാന്നിധ്യവും ആവശ്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഇൻഫ്ളിക്സിമാബ് എന്ന ഇഞ്ചക്ഷൻ നൽകുമ്പോൾ ഗ്യാസ്ട്രോ എൻട്രോളജി സ്പെഷ്യാലിറ്റി ഡോക്ടറുടെ സേവനം ആവശ്യമാണ്

(ഇ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ ഇൻഫ്ലിക്സിമാബ് 200 മില്ലിഗ്രാം വാക്സിൻ നിലവിൽ ലഭ്യമാണോയെന്ന് അറിയിക്കാമോ; പ്രസ്തുത മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എൻട്രോളജിസ്റ്റ് സ്ഥിരം സേവനം ലഭ്യമാണോയെന്ന് അറിയിക്കാമോ;

മറുപടി: ലഭ്യമായ എല്ലാ ജീവൻ രക്ഷാ മരുന്നുകളും സൗജന്യമായി രോഗികൾക്ക് നൽകിവരുന്നുണ്ട്. നിലവിൽ ലഭ്യമായ ഇഞ്ചക്ഷനുകൾ വിതരണം ചെയ്ത് വരുന്നുണ്ട്. ആയതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

(എഫ്) നിർധനരായ രോഗികൾക്ക് സൗജന്യമായി നൽകിവന്നിരുന്ന ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യതയിലും സമയബന്ധിതമായ വിതരണത്തിലും തടസ്സം സൃഷ്ടിക്കുന്ന നടപടികൾ സ്വീകരിക്കുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

മറുപടി: ലഭ്യമായ എല്ലാ ജീവൻ രക്ഷാ മരുന്നുകളും സൗജന്യമായി രോഗികൾക്ക് നൽകിവരുന്നുണ്ട്. നിലവിൽ ലഭ്യമായ ഇഞ്ചക്ഷനുകൾ വിതരണം ചെയ്ത് വരുന്നുണ്ട്. ആയതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

(ജി) രോഗികൾക്ക് വാക്സിൻ നിഷേധിക്കപ്പെടുന്ന വിഷയം അതീവ ഗൗരവത്തോടെ പരിഗണിച്ച് പരിഹാരനടപടികൾ സ്വീകരിക്കുമോ?

മറുപടി: യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതി പ്രകാരം ദേശീയ വാക്സിനേഷൻ ഷെഡ്യൂളിൽ ഉൾപ്പെട്ട വാക്സിനുകൾ സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി മെഡിസിൻ പ്രിവന്റീവ് ക്ലിനിക്ക്, മറ്റു സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ